**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6220** **17-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വൈദ്യുതി സെക്ഷൻ ഓഫീസുകളിലെ 1722 മീറ്റർ റീഡർമാരുടെ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത് നിയമനങ്ങൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (എ) | കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം (Revamped Reforms Linked Results Based Distribution Sector Scheme) പ്രീ പെയ്ഡ് സ്മാർട്ട് മീറ്ററിംഗ് ഉൾപ്പെടെയുള്ള മീറ്ററിംഗ് സംവിധാനത്തിലെ അതിനൂതനമായ പരിഷ്കാരങ്ങൾ കെ.എസ്.ഇ.ബി.എൽ-ൽ നടപ്പിലാക്കുന്നതിനാലും, മീറ്റർ റീഡിങ്ങുമായി ബന്ധപ്പെട്ട് സാങ്കേതിക കാര്യങ്ങളിൽ അതിനൂതന മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നതിനാലും, സ്ഥാപനത്തിൽ ബൃഹത്തായ Re-structuring വിഭാവനം ചെയ്തിരിക്കുന്നതിനാലും, മീറ്റർ റീഡർ തസ്തികയിലെ ഇതിനകം റിപ്പോർട്ട് ചെയ്ത NJD വേക്കൻസികൾ ഉൾപ്പെടെ നിയമന നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും നിലവിൽ ഉടനടി വേക്കൻസികൾ റിപ്പോർട്ട് ചെയ്യാൻ നിർവ്വാഹമില്ല.<br><br>Restructure-ന് ശേഷം മാത്രമേ ടി തസ്തികയിലെ ഒഴിവുകളുടെ എണ്ണം നിജപ്പെടുത്തുവാൻ കഴിയുകയുള്ളൂ. റിപ്പോർട്ട് ചെയ്ത 218 ഒഴിവുകളിൻമേലുള്ള NJD ഒഴിവുകളിലേയ്ക്ക് നിയമന നടപടികൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു. |
| (ബി) | സംസ്ഥാന വൈദ്യുതി ബോർഡിൽ സ്മാർട്ട് പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് അറിയിക്കുമോ; | (ബി) | ഉണ്ട്. വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയായ RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം)-ൽ എല്ലാ വിഭാഗത്തിലുമുള്ള ഉപഭോക്താക്കൾക്കുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. RDSS പദ്ധതി പ്രകാരം, ഒന്നാം ഘട്ടത്തിലെ ഏതാണ്ട് 37 ലക്ഷത്തോളം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു സേവന ദാതാവിനെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ 13.02.2023 ന് ആരംഭിച്ചു. |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ഇ.ബി. മീറ്റർ റീഡർ തസ്തികയിലെ റാങ്ക് ലിസ്റ്റിന് ഒരു വർഷം പോലും കാലാവധി ഇനി ശേഷിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട പലരുടെയും അവസാന പ്രതീക്ഷ എന്ന നിലയിൽ നിയമനങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം (Revamped Reforms Linked Results Based Distribution Sector Scheme) പ്രീ പെയ്ഡ് സ്മാർട്ട് മീറ്ററിംഗ് ഉൾപ്പെടെയുള്ള മീറ്ററിംഗ് സംവിധാനത്തിലെ അതിനൂതനമായ പരിഷ്കാരങ്ങൾ കെ.എസ്.ഇ.ബി.എൽ-ൽ നടപ്പിലാക്കുന്നതിനാലും, മീറ്റർ റീഡിങ്ങുമായി ബന്ധപ്പെട്ട് സാങ്കേതിക കാര്യങ്ങളിൽ അതിനൂതന മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നതിനാലും, സ്ഥാപനത്തിൽ ബൃഹത്തായ Re-structuring വിഭാവനം ചെയ്തിരിക്കുന്നതിനാലും, മീറ്റർ റീഡർ തസ്തികയിലെ ഇതിനകം റിപ്പോർട്ട് ചെയ്ത NJD വേക്കൻസികൾ ഉൾപ്പെടെ നിയമന നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും നിലവിൽ ഉടനടി വേക്കൻസികൾ റിപ്പോർട്ട് ചെയ്യാൻ നിർവ്വാഹമില്ല.<br><br>Restructure-ന് ശേഷം മാത്രമേ ടി തസ്തികയിലെ ഒഴിവുകളുടെ എണ്ണം നിജപ്പെടുത്തുവാൻ കഴിയുകയുള്ളൂ. റിപ്പോർട്ട് ചെയ്ത 218 ഒഴിവുകളിൻമേലുള്ള NJD ഒഴിവുകളിലേയ്ക്ക് നിയമന നടപടികൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ